**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - **1991- 1993** കാലയളവിൽ എൽ.എൽ.ആർ സ്കീമിൽ ഉൾപ്പെടുത്തി കക്കൂസ് നിർമ്മാണത്തിന് വായ്പ ലഭ്യമാക്കുന്നതിന് നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ശ്രീ സുധാകരൻ.കെ ഹാജരാക്കിയ വസ്തുവിന്റെ ഒറിജിനൽ ആധാരം, പലിശയും പിഴപലിശയും ഒഴിവാക്കി വായ്പത്തുക ഈടാക്കി ആധാരം തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.603/2017/തസ്വഭവ തിരുവനന്തപുരം, തീയതി 03.03.2017

പരാമർശം- 1. 08.02.2017 തീയതിയായി ശ്രീ സുധാകരൻ സമർപ്പിച്ച അപേക്ഷ
2. 16.06.2016 ലെ നഗരസഭ കൗൺസിൽ തീരുമാനം

**<u>ഉത്തരവ്</u>**

**1991- 1993** കാലയളവിൽ എൽ.എൽ.ആർ സ്കീമിൽ ഉൾപ്പെടുത്തി കക്കൂസ് നിർമ്മാണത്തിന് വായ്പ ലഭ്യമാക്കുന്നതിന് നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ വസ്തുവിന്റെ, ( നെടുമങ്ങാട് സബ് രജിസ്ട്രാർ ഓഫീസിലെ 1988/1982 നമ്പർ ആധാരം ) ഒറിജിനൽ ആധാരം ഹാജരാക്കിയിരുന്നുവെന്നും,എന്നാൽ 14.04.2017 ൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന മകളുടെ കല്യാണ ആവശ്യവുമായി ബന്ധപ്പെട്ട ചെലവുകൾ നടത്തുന്നതിന് ലോൺ എടുക്കുന്നതിന് ഒറിജിനൽ ആധാരം ആവശ്യമായതിനാൽ ആയത് ലഭ്യമാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നും പരാമർശം 1 പ്രകാരം ശ്രീ സുധാകരൻ. കെ അപേക്ഷിച്ചിരുന്നു.

2. നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ **1991- 1993** കാലയളവിൽ HUDCO, NRY, LLR എന്നീ സ്കീമുകൾ പ്രകാരം വിതരണം ചെയ്ത ലോണുകൾക്ക പലിശയും പിഴപലിശയും ഒഴിവാക്കി വായ്പത്തുക അടയ്ക്കുന്നതിന് പരാമർശം 2 പ്രകാരം കൗൺസിൽ അംഗീകരിച്ച പ്രമേയം പാസ്സാക്കിയിട്ടുണ്ട്

3. ശ്രീ സുധാകരൻ. കെ സമർപ്പിച്ച അപേക്ഷ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. അപേക്ഷകന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എൽ.എൽ.ആർ സ്കീമിൽ

ഉൾപ്പെടുത്തി കക്കൂസ് നിർമ്മാണത്തിന് വായ്പ ലഭ്യമാക്കുന്നതിന് നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ശ്രീ സുധാകരൻ.കെ ഹാജരാക്കിയ വസ്തുവിന്റെ ഒറിജിനൽ ആധാരം, പലിശയും പിഴപലിശയും ഒഴിവാക്കി, വായ്പത്തുക ഈടാക്കിയശേഷം തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.പി വിജയകുമാർ
ഗവ.സ്പെഷ്യൽ സെക്രട്ടറി

നഗര കാര്യ ഡയറക്ടർ
സെക്രട്ടറി. നെടുമങ്ങാട് നഗരസഭ
ശ്രീ സുധാകരൻ കെ . 'കരിമ്പിക്കാവ്' വീട് .ഉളിയൂർ ,പഴകുറ്റി പി ഓ .നെടുമങ്ങാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ